## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത | 06.02.2014 - ൽ
ചോദ്യം നമ്പർ: 5181 | മറുപടിയ്ക്ക്

### കണ്ണൂർ ജില്ലാ ആംഡ് റിസർവ്വിൽ ഡെപ്യൂട്ടി കമാൻഡന്റ് തസ്തികയുടെ അധിക ചുമതല

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. ബേബി | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) 07.08.2013 -ൽ കണ്ണൂർ ജില്ലാ ആംഡ് റിസർവ്വിൽ സീനിയോറിറ്റി മറികടന്ന് ഡെപ്യൂട്ടി കമാന്റഡന്റ് തസ്തികയുടെ അധിക ചുമതല ജൂനിയർ ഓഫീസർക്ക് നൽകിയ നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അച്ചടക്കസേനയായ പോലീസിന്റെ കെട്ടുറപ്പിനെ ബാധിക്കുന്ന തരത്തിൽ ജൂനിയർ ഓഫീസർ സീനിയർ ഓഫീസറെ ഭരിക്കുന്ന രീതിയിലുള്ള കീഴ്വഴക്കം സൃഷ്ടിക്കുന്ന ഉത്തരവുകൾ പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഭരണപരവും പ്രവർത്തനപരവുമായ കാരണങ്ങൾ കൊണ്ടും, സേനയുടെ സുഗമമായ പ്രവർത്തനത്തിനും വേണ്ടിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) ഇത്തരത്തിലുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിഗണിക്കുമോ;<br><br>(ഡി) എങ്കിൽ നാളിതുവരെ ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) | ഇക്കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ